പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6898 | 10.07.2014 ൽ മറുപടിക്ക്.

## ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
|---|---|
| (എ) ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (എ) 30.06.2014 വരെയുള്ള കണക്കുകൾ പ്രകാരം കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ 6,92,611 തൊഴിലാളികൾ ഉണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം കൂലി എത്ര രൂപയാണ്; മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) 23.07.2009-ലെ സർക്കാർ ഉത്തരവ് എം.എസ്.100/2009/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച മിനിമം കൂലിയാണ് ഇപ്പോൾ ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ലഭ്യമാകുന്നത്. നിലവിലുള്ള മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ, മിനിമം വേതന ഉപദേശക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് സമിതി, വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത തൊഴിലാളികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (സി) 1948-ലെ മിനിമം വേതനം, 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ലഭ്യമാകേണ്ട അർഹമായ ജോലി സമയം, അധിക സമയ ജോലിക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമസമയം, ആഴ്ച അവധി എന്നിവയും 1960 - ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് നിശ്ചിതകാലം |

| | |
|---|---|
| | പൂർത്തിയാക്കി പ്രസവാനുകൂല്യം, വിവാഹ ധനസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം മരണാനന്തര സഹായം, ശവസംസ്കാര ചെലവിനുള്ള സഹായം, ചികിത്സാ സഹായം 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ എന്നിവ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബോർഡ് മുഖേന ലഭ്യമാക്കുന്നുണ്ട്. 1958–ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ളിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമപ്രകാരം ലഭ്യമാകേണ്ട ശമ്പളത്തോടുകൂടി ദേശീയ ഉത്സവ അവധിദിനങ്ങൾ, 1961 – ലെ മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട് പ്രകാരം സ്ത്രീ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകേണ്ടതാണ്. |
| (ഡി) തൊഴിൽ രംഗത്തെ ചൂഷണം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി സേവന വേതനാനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ തൊഴിൽ തർക്കങ്ങൾ ഉ ണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡീക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണു ന്നുണ്ട്. |

സെക്ഷൻ ആഫീസർ.